# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2007 ആഗസ്റ്റ് 10


# സെമിനാരിയിൽ പഠിക്കാത്തവർക്ക് പട്ടം കൊടുക്കരുത്: പ. കാതോലിക്കാ ബാവാ

കോട്ടയം: സെമിനാരി വിദ്യാഭ്യാസം നടത്തിയവർക്കു മാത്രമേ പട്ടം നൽകാവൂ എന്ന് പ. കാതോലിക്കാ ബാവാ എല്ലാ മെത്രാപ്പോലീത്തന്മാരെയും കല്പനയിലൂടെ അറിയിച്ചു.

ഇടുക്കി ഭദ്രാസനത്തിനു വേണ്ടി സെമിനാരി വിദ്യാഭ്യാസം നടത്താത്ത രണ്ടു പേർക്ക് ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പട്ടം കൊടുക്കാൻ ഒരുങ്ങിയതിനെ തുടർന്ന്, വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരാളുടെ പിതാവായ ഒരു പുരോഹിതൻ പ. കാതോലിക്കാ ബാവായെ കണ്ട് പരാതി പറഞ്ഞതിനെ തുടർന്നാണ് ജൂൺ 5-ന് ഈ കല്പന എല്ലാ മെത്രാപ്പോലീത്തന്മാർക്കും അയച്ചതെന്ന് പറയപ്പെടുന്നു.

മാവേലിക്കര സബ് കോടതിയിൽ സെമിനാരി വിദ്യാഭ്യാസം നടത്താത്തവർക്ക് പട്ടംകൊടുക്കുന്നതിനെതിരെ കേസ് നിലവിലുണ്ടെന്നുള്ള കാര്യവും അങ്ങനെ പട്ടം കൊടുക്കുന്നത് സഭാ ഭരണഘടനയുടെ ലംഘനമാണെന്ന കാര്യവും കല്പനയിൽ ചൂണ്ടിക്കാണിക്കുന്നു.

ഏതെങ്കിലും സാഹചര്യത്തിൽ സെമിനാരി വിദ്യാഭ്യാസം നടത്താത്തവർക്ക് പട്ടം കൊടുക്കണമെന്നുണ്ടെങ്കിൽ പ. സുന്നഹദോസിന്റെ പ്രത്യേക അനുവാദം വാങ്ങിച്ചിരിക്കണമെന്നും കല്പനയിൽ പറയുന്നു.

പ. കാതോലിക്കാബാവാ അംഗമായ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ സെമിനാരി വിദ്യാഭ്യാസം നടത്താത്തവർക്ക് പട്ടം കൊടുക്കുന്നുണ്ടെന്നതും പല മെത്രാപ്പോലീത്തന്മാരും ഭരണഘടനയെ ലംഘിച്ച് നിരവധി പേർക്ക് പട്ടം നൽകിയിട്ടുണ്ടെന്നതുമൊക്കെയാണ് ഇത്തരമൊരു കല്പന അയയ്ക്കാനുണ്ടായ സാഹചര്യം.

ഇങ്ങനെ പട്ടം കൊടുക്കുന്നതിലൂടെ മെത്രാപ്പോലീത്തന്മാർ സെമിനാരി പ്രവേശനത്തിനുള്ള കടമ്പകൾ കടന്നുകൂടാൻ അവരെ സഹായിക്കുകയാണ് ചെയ്യുന്നത്. ശെമ്മാശനായ അപേക്ഷകന് പ്രവേശനം നൽകാതിരിക്കാനാവില്ല എന്നതു മൂലം താൻ ശുപാർശ ചെയ്യുന്നയാൾ സെമിനാരി വിദ്യാർത്ഥിയാകും എന്ന് മെത്രാപ്പോലീത്താ ഉറപ്പിക്കുകയാണ്.

എന്തായാലും ജൂൺ 5 -നെഴുതിയ കല്പനയിലെ മഷി മായും മുമ്പേ കല്പന കൈപ്പറ്റി കാണാനിടയാകാതെ അന്നേദിവസം ഔഗേൻ മാർ ദീവന്നാസ്യോസ് വിടവാങ്ങി.




ജോഷ്വാ സാറിന്റെ മുടക്ക്, തിരുവനന്തപുരം ബസേലിയോസ് മന്ദിര വിവാദം തുടങ്ങി തന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ സ്വന്തം വാക്കുകൾ കേൾക്കാൻ എം. ടി. വി. സന്ദർശിക്കുക. ഓർത്തഡോക്സ് സെമിനാരിയിൽ പ. സുന്നഹദോസിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന മെത്രാപ്പോലീത്തായെ വിടാതെ പിന്തുടർന്ന് ഇന്നലെ (9-8-07) എല്ലാ തിരക്കുകളുമൊഴിഞ്ഞ അർദ്ധരാത്രിയിൽ പത്രപ്രവർത്തകനും മെത്രാപ്പോലീത്തായുടെ സ്നേഹിതനുമായ ജോയ്സ് തോട്ടയ്ക്കാട് നടത്തിയ അഭിമുഖ സംഭാഷണം. സത്യസന്ധനും കർക്കശക്കാരനുമായ ഒരു മെത്രാപ്പോലീത്താ തിരുവനന്തപുരത്ത് ചെന്നാൽ സംഭവിക്കാവുന്നതൊക്കെ സംഭവിച്ചിട്ടും തന്നെ എതിർത്തവരെയും വിമർശിച്ചവരെയും സ്നേഹിച്ച് മുന്നേറുന്ന, മലങ്കരസഭയുടെ ചരിത്രത്തിലാദ്യമായി തന്റെ സ്വകാര്യ കണക്കുകൾ എഴുതി സൂക്ഷിച്ച് ഓഡിറ്റ് ചെയ്യിച്ച് സുന്നഹദോസിനു സമർപ്പിച്ച ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ വാക്കുകൾ...

**പഴയ നമ്മുടെ ഗബ്രിയേലച്ചന് എന്തൊക്കെ മാറ്റം വന്നുവെന്നറിയേണ്ടേ?**

## മലങ്കര ഓർത്തഡോക്സ് ടിവി

സന്ദർശിക്കുക

**www.malankaraorthodox.tv/**

# മലങ്കരവർഗീസിന്റെ ചരമവാർഷികം ഇനി രക്തസാക്ഷിദിനം

കോട്ടയം: മലങ്കരസഭയ്ക്കു വേണ്ടി രക്തസാക്ഷി മരണം പ്രാപിച്ച മലങ്കര വർഗീസിന്റെ ചരമവാർഷിക ദിനം രക്തസാക്ഷി ദിനമായി ആചരിക്കാൻ സഭാ മാനേജിംഗ് കമ്മറ്റി തീരുമാനിച്ചു. പുതുതായി ഏർപ്പെടുത്തുന്ന വിശ്വാസ സംരക്ഷക അവാർഡ് അന്നു സമ്മാനിക്കും.

മലങ്കര ഓർത്തഡോക്സ് അൽമായവേദി പ. കാതോലിക്കാ ബാവായ്ക്കും സുന്നഹദോസിനും ഇക്കാര്യത്തിനായി മുമ്പ് അപേക്ഷ സമർപ്പിച്ചിരുന്നതാണ്. മലങ്കര വർഗീസിനൊപ്പം കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിലുണ്ടായിരുന്ന സഭാ സെക്രട്ടറി ജോർജ് ജോസഫ് 2007-08 ലെ ബജറ്റ് നിർദ്ദേശങ്ങളിലൊന്നായി അവതരിപ്പിച്ച ഇക്കാര്യം മാനേജിംഗ് കമ്മറ്റി അംഗീകരിക്കുകയായിരുന്നു.

# ദേവലോകം വിശേഷങ്ങൾ...

### നസ്രാണി

## പബ്ലിക്ക് റിലേഷൻസ് വകുപ്പ് ആരംഭിക്കുമെന്ന് സഭാ സെക്രട്ടറി!

സഭാ സെക്രട്ടറി അവതരിപ്പിച്ച ബജറ്റിലെ ഒരു നിർദ്ദേശം പബ്ലിക് റിലേഷൻസ് വകുപ്പ് ആരംഭിക്കുമെന്നതാണ്. പ. മാത്യൂസ് പ്രഥമൻ ബാവായുടെ ഭരണകാലത്ത് 1980 കളിലാണ് പബ്ലിക് റിലേഷൻസ് ഓഫീസർ എന്നൊരു തസ്തിക ആദ്യമായി തുടങ്ങിയത്. ആദ്യ പി. ആർ. ഒ. റബ്ബർ ബോർഡിൽ നിന്നും പെൻഷൻ പറ്റിയ ഒരു ഉദ്യോഗസ്ഥനായിരുന്നു. ബസ്സേലിയോസ് കോളജ് പ്രിൻസിപ്പലായി ഏതാനും വർഷം ജോലി ചെയ്ത് പെൻഷൻ പറ്റിയ ഇ. ജെ. ജോൺ സഭയുടെ കോളജ് മാനേജ്മെന്റിനെതിരെ ഒരു കേസ് കൊടുത്തതിനെ തുടർന്ന് 1990 -കളിൽ അദ്ദേഹത്തെ അടുത്ത പി. ആർ. ഒ. യാക്കി! കുറേക്കാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ ഡപ്യൂട്ടി സെക്രട്ടറിയാക്കി. തുടർന്ന് സഭാ സെക്രട്ടറിയായിരുന്ന അലക്സാണ്ടർ കാരയ്ക്കൽ ഗാന്ധിയനും ശാന്തനുമായ ഡോ. ജോസ് പാറക്കടവിലിനെ പകരം കണ്ടെത്തി.

പ. ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ ചുമതലയേറ്റതോടെ ഒരു പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ചു. ഡയറക്ടറായി ഫാ. മോഹൻ ജോസഫിനെയും സെക്രട്ടറിയായി ഫാ. വർഗീസ് വർഗീസിനെയും അഞ്ചാറു പേരടങ്ങുന്ന ഒരു കമ്മറ്റിയെയുമാണ് നിയമിച്ചത്. ഡയറക്ടറും സെക്രട്ടറിയും കൂടി വൈദികട്രസ്റ്റിയോടൊത്ത് കുറെ കോക്കസ് കളികൾ നടത്തുകയും ചില മെത്രാന്മാർക്കെതിരെ പ്രവർത്തിക്കുകയുമൊക്കെ ചെയ്തതല്ലാതെ പബ്ലിക് റിലേഷൻസൊന്നും നടന്നില്ല. അച്ചന്മാർക്ക് രണ്ടാമത് കല്യാണം കഴിക്കാമെന്ന് സുന്നഹദോസ് തീരുമാനമെടുത്തു എന്ന തെറ്റായ വാർത്ത കൊടുത്തതിനെ തുടർന്ന് സെക്രട്ടറിക്ക് രാജി വയ്ക്കേണ്ടി വന്നു.

പബ്ലിക്ക് റിലേഷൻസ് എന്നു പറഞ്ഞാൽ *അങ്ങാടിയാണോ പച്ചയാണോ* എന്നറിയാൻ പാടില്ലാത്ത ഇത്രയും പി. ആർ. ഒ. മാരുടെ വിക്രിയകൾ കഴിഞ്ഞ് സഭ മാധ്യമരംഗത്ത് പൂർണ്ണമായും പിമ്പോട്ടുപോയ സാഹചര്യത്തിലാണ് പുതിയ സെക്രട്ടറിയുടെ പബ്ലിക്ക് റിലേഷൻസ് വകുപ്പ് ആരംഭിക്കുമെന്ന പ്രഖ്യാപനം വന്നിരിക്കുന്നത്.

ജേർണലിസത്തിൽ ബിരുദാനന്തര ബിരുദമുള്ള പുരോഹിതന്മാർ ഉണ്ടായിരിക്കെയാണ് ഇത്തരം കക്ഷികളെയൊക്കെ ദേവലോകത്ത് വാഴിച്ചതെന്നറിയുമ്പോളാണ് സഭാസ്നേഹികൾ ഞെട്ടുന്നത്.



**സഭയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം പ. ബാവാ നിർവ്വഹിക്കുന്നു.**





പ. സുന്നഹദോസിൽ പങ്കെടുക്കുന്ന തിരുമേനിമാർ സന്ധ്യാ പ്രാർത്ഥനയ്ക്കായി പഴയസെമിനാരി ചാപ്പലിലേയ്ക്ക് പോകുന്നു.